## പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാചോദ്യം നം. 6532 03.04.2018 -ൽ മറുപടിക്ക്

**പേപ്പർലെസ്സ് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.റ്റി.വി.രാജേഷ് | ശ്രീ. ടി. പി. രാമകൃഷ്ണൻ<br>(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) |
| സംസ്ഥാനത്തെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ പേപ്പർലെസ്സ് ഓഫീസുകളാക്കി മാറ്റുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശം നല്കാമോ? | എംപ്ലോയ് മെന്റ് എക് സ് ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള 35 ലക്ഷത്തോളം തൊഴിലന്വേഷകരുടെ വിവരങ്ങൾ Digitize ചെയ്ത് ഇ-എംപ്ലോയ് മെന്റ് എക്സ്ചേഞ്ച് എന്ന ഓൺലൈൻ സോഫ്റ്റ് വെയർ മുഖേന 03/05/2017 മുതൽ പൊതുജനങ്ങൾക്ക് ലഭ്യമാക്കിയിട്ടുണ്ട്. www.employment.kerala.gov.in എന്ന വെബ് സൈറ്റ് വഴി എംപ്ലോയ് മെന്റ് എക് സ് ചേഞ്ചുകളിൽ നിന്നും തൊഴിലന്വേഷകർക്ക് ലഭ്യമാക്കുന്ന പ്രത്യക്ഷമായ സേവനങ്ങൾ എല്ലായ്പ്പോഴും എവിടെ നിന്നും ലഭ്യമാണ്.<br>കേരളത്തിലെ എല്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളും പേപ്പർ രഹിത ഓഫീസുകളാക്കുക എന്ന |

| | | | |
|---|---|---|---|
| | | | ലക്ഷ്യത്തോട്ടുകൂടി എല്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിലും ഇ-ഓഫീസ് പദ്ധതി നടപ്പിലാക്കി വരികയാണ്. ജില്ലാ തലം വരെയുള്ള 29 ഓഫീസുകളിൽ ഇ-ഓഫീസ് സംവിധാനം നടപ്പിലാക്കിക്കഴിഞ്ഞു. ബാക്കിയുള്ള 68 ഓഫീസുകളിൽ കൂടി ഇ-ഓഫീസ് സംവിധാനം നടപ്പിലാക്കിവരികയാണ്. |

സെക്ഷൻ ഓഫീസർ